# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.76- 08/02/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ കടബാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യൂ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) 2016 മാർച്ച് അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യതകൾ എത്ര കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | 2016 മാർച്ച് അവസാനമുള്ള സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ഈ കടബാദ്ധ്യതകളിൽ 2016-17 മുതലുള്ള അഞ്ച് വർഷത്തിൽ ഓരോ വർഷവും കടവും പലിശയും ഇനത്തിൽ കൊടുത്തുതീർക്കേണ്ടതായ തുക എത്ര കോടി രൂപ വീതമായിരിക്കും; 2020-21 വരെയുള്ള ഓരോ വർഷവും നിലവിലുള്ള കടബാദ്ധ്യതകളിൽ കൊടുത്തുതീർക്കേണ്ടുന്ന മുതലും പലിശയും എത്ര; വിശദമാക്കാമോ; | 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും മാർക്കറ്റ് ബോറോയിംഗ്സ്, LIC, GIC, NABARD (NRCLTO), NABARD (RIDF), NSSF, കേന്ദ്രസർക്കാർ വായ്പ എന്നീയിനങ്ങളിൽ എടുത്ത കടത്തിന്റെ തിരിച്ചടക്കേണ്ട തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) — പട്ടിക താഴെ |

(തുക കോടിയിൽ)

| വർഷം | തിരിച്ചടക്കേണ്ട മുതൽ | തിരിച്ചടക്കേണ്ട പലിശ # | ആകെ തുക |
|---|---|---|---|
| 2016-17 | 4340.56 | 8426.96 | 12767.52 |
| 2017-18 | 6119.97 | 8117.22 | 14237.19 |
| 2018-19 | 7439.56 | 7682.53 | 15122.09 |
| 2019-20 | 7331.71 | 7143.41 | 14475.12 |
| 2020-21 | 7292.08 | 6682.13 | 13974.21 |

(# അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാർ വായ്പയുടെ പലിശ തിരിച്ചടവ് നടത്തുന്നത്. ആയതിനാൽ കേന്ദ്ര സർക്കാർ വായ്പയുടെ പലിശ ഇതിൽ ഉൾപ്പെട്ടിട്ടില്ല.)

| ചോദ്യം | ഉത്തരം |
|---|---|
| (സി) നിലവിലുള്ള കടബാധ്യതകളിൽ ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയ മൊത്തം കടം എത്ര; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നാളിതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന കടം എത്ര ആയിരുന്നു എന്ന് വ്യക്തമാക്കുമോ? | ഈ സർക്കാരിന്റെ കാലത്ത് (2011-2015) 31.03.2015 വരെ 56,767 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ കടം 78673.24 കോടി രൂപയായിരുന്നു. |

*അക്കൗണ്ട്സ് ഓഫീസർ*